# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 23-10-2013

## സ്കൂൾ യൂണിഫോം :
## അഴിമതിക്കുള്ള നീക്കം അപമാനകരം

**കെ.എസ്.ടി.എ**

കേന്ദ്രസർക്കാർ എസ്.എസ്.എ മുഖേന കുട്ടികൾക്ക് നൽകുന്ന സൗജന്യ യൂണിഫോം സാങ്കേതിക കാരണങ്ങൾ പറഞ്ഞ് വൈകിപ്പിക്കുന്നതും തുണിമിൽ കമ്പനിയുമായി കരാറുറപ്പിച്ച് കമ്മീഷൻ വാങ്ങാൻ ശ്രമിക്കുന്നതും പരിഷ്കൃത കേരളത്തിന് അപമാനകരമാണെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു.

സ്കൂൾ തുറക്കുന്നതിനുമുൻപുതന്നെ നടത്തേണ്ട യൂണിഫോം വിതരണം മുടങ്ങിയതിന്റെ പൂർണ്ണ ഉത്തരവാദിത്തം വിദ്യാഭ്യാസ വകുപ്പിനും സർക്കാരിനുമാണ്. കുട്ടികൾക്ക് അർഹതപ്പെട്ട 400 രൂപവീതം സ്കൂൾ പി.ടി.എ യ്ക്ക് നൽകികൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മോണിറ്ററിംഗിനുള്ള ചുമതല ഏൽപ്പിച്ചിരുന്നെങ്കിൽ സുതാര്യമായി ഈ പദ്ധതി നടക്കുമായിരുന്നു. എല്ലാ അധ്യാപക സംഘടനകളും ഇക്കാര്യം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നതാണ്. 20 ലക്ഷത്തിലധികം കുട്ടികൾക്ക് നൽകേണ്ട ഈ ആനുകൂല്യം യഥാസമയം നൽകാതിരുന്നത് കുട്ടികളോടുകാണിക്കുന്ന ക്രൂരതയാണ്. അഴിമതിക്കുള്ള വഴിതേടുന്ന ഭരണമാണ് കേരളത്തിലേത്. ഈ നിലയിൽ പോയാൽ ഈ വർഷം യൂണിഫോം നൽകുമെന്നതിന് യാതൊരു ഉറപ്പുമില്ല. അടിയന്തിരമായി യൂണിഫോം വിതരണം ചെയ്തില്ലെങ്കിൽ വിദ്യാർത്ഥികളും രക്ഷിതാക്കളുമായി ചേർന്ന് ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി